# കേരള സർവകലാശാല

നം. പി.ആർ.106/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ജർമ്മൻ കോഴ്സുകൾക്ക് അംഗീകാരം

തിരുവനന്തപുരത്തെ ജർമ്മൻ സാംസ്കാരിക കേന്ദ്രമായ ഗോയ്ഥേ സെന്റർ നടത്തുന്ന ജർമ്മൻ ഭാഷാപഠന കോഴ്സുകളായ A2 ലെവൽ കോഴ്സും B2 ലെവൽ കോഴ്സും കേരള സർവകലാശാല നടത്തുന്ന ജർമ്മൻ ഭാഷാ സർട്ടിഫിക്കറ്റ് കോഴ്സിനും ഡിപ്ലോമ കോഴ്സിനും തുല്യമായി അംഗീകരിച്ചു. B2 ലെവൽ കോഴ്സ് പാസാകുന്നവർക്ക് സർവകലാശാലയുടെ എം.എ (സി.എസ്.എസ്) നു ചേരുവാൻ 2018 മുതൽ യോഗ്യതയുണ്ട്.

## പി.ജി ഡിപ്ലോമ ഇൻ ജെറിയാട്രിക് കൗൺസലിംഗ്

കാര്യവട്ടം ക്യാമ്പസിലുള്ള സെന്റർ ഫോർ ജെറിയാട്രിക് സ്റ്റഡീസിൽ ആരംഭിച്ച പി.ജി ഡിപ്ലോമ ഇൻ ജെറിയാട്രിക് കൗൺസലിംഗ് കോഴ്സിൽ 18 സീറ്റുകൾ ഒഴിവുണ്ട്. ഡിഗ്രിയാണ് അടിസ്ഥാന യോഗ്യത. അഡ്മിഷൻ നേടാൻ ആഗ്രഹിക്കുന്നവർ ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി നേരിട്ട് ഹാജരാകുക. കൂടുതൽ വിവരങ്ങൾക്ക് ഓണററി ഡയറക്ടറുമായി ബന്ധപ്പെടുക (ഫോൺ: 9447221421).

## എം.എച്ച്.എ പരീക്ഷ

വിദൂരവിദ്യാഭ്യാസ കേന്ദ്രം ജൂൺ 21-ന് ആരംഭിക്കുന്ന മൂന്നാം വർഷ എം.എച്ച്.എ (റഗുലർ & സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ മേയ് 14, 50 രൂപ പിഴയോടെ മേയ് 16, 125 രൂപ പിഴയോടെ മേയ് 18 വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ആർക്ക് രജിസ്ട്രേഷൻ

ജൂണിൽ ആരംഭിക്കാനിരിക്കുന്ന ആറാം സെമസ്റ്റർ ബി.ആർക്ക് (റഗുലർ & ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകളുടെ രജിസ്ട്രേഷൻ മേയ് 10-ന് ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സൂക്ഷ്മപരിശോധനയ്ക്ക് ഹാജരാകണം

2017 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.കോം പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്കായി അപേക്ഷിച്ചിട്ടുള്ളവർ ഹാൾടിക്കറ്റും ഐ.ഡി കാർഡുമായി മേയ് 14 മുതൽ മേയ് 24 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ ഇ.ജെ II സെക്ഷനിൽ ഹാജരാകണം.

തിരുവനന്തപുരം.
09.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**